പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1885 04.12.2018-ലെ മറുപടിക്ക്

**വെള്ളറട, കാട്ടാക്കട, പാറശ്ശാല ഡിപ്പോകളിൽ നിന്നും റദ്ദ് ചെയ്ത സർവ്വീസുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വെള്ളറട, കാട്ടാക്കട, പാറശ്ശാല ഡിപ്പോകളിൽ ആവശ്യത്തിന് ബസ്സ് ഇല്ലാത്തതു കാരണം പല സർവ്വീസുകളും റദ്ദ് ചെയ്യുന്ന അവസ്ഥ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ സാമ്പത്തിക പരാധീനത മൂലം ടയർ, സ്പെയർ പാർട്സുകൾ എന്നിവ ലഭ്യമാക്കാൻ കഴിയാത്തതു കൊണ്ടാണ് വെള്ളറട, കാട്ടാക്കട, പാറശ്ശാല ഡിപ്പോകളിൽ സ്പെയർ ബസ്സുകൾ സർവ്വീസിന് നൽകാൻ കഴിയാത്തത്. കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് പരമാവധി ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കി നൽകുന്നതാണ്. |
| (ബി) | വെള്ളറട, കാട്ടാക്കട, പാറശ്ശാല, നെയ്യാറ്റിൻകര ഡിപ്പോകളിൽ നിന്നും പാറശ്ശാല മണ്ഡലവുമായി ബന്ധപ്പെട്ട് എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത് എന്നും അതിൽ എത്ര സർവ്വീസുകൾ റദ്ദുചെയ്തു എന്നുമുള്ള വിവരങ്ങൾ റൂട്ടടക്കം ലഭ്യമാക്കാമോ; | (ബി) | പാറശ്ശാല മണ്ഡലവുമായി ബന്ധപ്പെട്ട് പാറശ്ശാല ഡിപ്പോയിൽ നിന്നും 78 സർവ്വീസുകൾ മുടക്കം കൂടാതെ നടത്തിവരുന്നു. കാട്ടാക്കട ഡിപ്പോയിൽ നിന്നും 21 സർവ്വീസുകൾ ടി മണ്ഡലവുമായി ബന്ധപ്പെട്ട് സർവ്വീസ് നടത്തുന്നുണ്ട്. നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും 4 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. ആയതിൽ ഡീസൽ ചെലവിന് പോലും വരുമാനം ലഭിക്കാത്ത 08.20 പൂഴനാട് ഡാം എന്ന സർവ്വീസ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. വെള്ളറട ഡിപ്പോയിൽ നിന്നും 45 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു. ചുരുക്കം ചില സന്ദർഭങ്ങളിൽ നാമമാത്രമായ സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. |
| (സി) | ബസ് ഇല്ലാത്ത കാരണത്താൽ റദ്ദു ചെയ്ത സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ ബസ്സുകൾ നിരത്തിൽ ഇറക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**